തൈക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ

114 (1583) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൈക്കാട് ഗവൺമെന്റ് എൽ.പി. സ്കൂൾ നിർമ്മാണത്തിനു വേണ്ടി തിരുവനന്തപുരം കോർപ്പറേഷൻ നാളിതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ കെട്ടിട നിർമ്മാണത്തിന് വേണ്ട അനുമതി നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ കെട്ടിട നിർമ്മാണ ജോലികൾ ഏതുവരെ ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; എന്തുതുക ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട് ;

(ഡി) ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന പ്രസ്തുത എൽ.പി.സ്കൂൾ കെട്ടിടത്തിന്റെ അപകടകരമായ സ്ഥിതിവിശേഷം കണക്കിലെടുത്ത് കെട്ടിടം പണി എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട തുക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത സ്കൂളിന്റെ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2,50,000 രൂപയുടെ പ്രോജക്ട് അംഗീകരിക്കുകയും, പുതിയ കെട്ടിട നിർമ്മാണത്തിന് ഈ സ്കൂളിന്റെ അദ്ധ്യാപക രക്ഷാകർതൃ സമിതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള കെട്ടിടം ലേലം ചെയ്ത് പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ കെട്ടിടം പൊളിച്ച് മാറ്റുമ്പോൾ 67,000 രൂപ ചെലവിൽ രണ്ട് താല്ക്കാലിക ഷെഡുകൾ കെട്ടി ക്ലാസ് നടത്തുന്നതിനും അദ്ധ്യാപക രക്ഷാകർതൃ സമിതിക്ക് അനുമതി നല്കിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം നഗരസഭ ഈ കെട്ടിട നിർമ്മാണത്തിന് വേണ്ട തുക അനുവദിച്ചിട്ടുണ്ട്.

അമ്യൂസ്മെന്റ് പാർക്കുകൾ

115 (1584) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നു ; അവ എവിടെയെല്ലാമാണ് ;

(ബി) അമ്യൂസ്മെന്റ് പാർക്കുകളുടെ പ്രവർത്തനത്തിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ ;

(സി) അമ്യൂസ്മെന്റ് പാർക്കുകൾ നിലവിലില്ലാത്ത ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly